## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : T 4249 — 25/06/2014 ൽ മറുപടിയ്ക്ക്

### പിന്നോക്കവിഭാഗക്കാരായ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ മേഖലകളിലും മത്സരപരീക്ഷകളിലും പരിശീലനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | പിന്നോക്ക വിഭാഗക്കാരായ ഉദ്യോഗാർത്ഥികൾക്ക് വിവിധ മത്സര പരീക്ഷകളിൽ പ്രാഗത്ഭ്യം നേടുന്നതിനും അതുവഴി കേന്ദ്ര - സംസ്ഥാന സർവ്വീസുകളിലും പൊതു മേഖലാ സ്ഥാപനങ്ങളിലും മതിയായ പ്രാതിനിധ്യം ഉറപ്പു വരുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) | പിന്നോക്ക വിഭാഗക്കാരായ ഉദ്യോഗാർത്ഥികൾക്ക് വിവിധ മത്സര പരീക്ഷകളിൽ പ്രാഗത്ഭ്യം നേടുന്നതിനും അതുവഴി കേന്ദ്ര-സംസ്ഥാന സർവ്വീസുകളിൽ പ്രാതിനിധ്യം ഉറപ്പു വരുത്തുന്നതിനുമായി പിന്നോക്ക സമുദായ വികസന വകുപ്പ് 2013-14 മുതൽ എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം എന്ന പദ്ധതി ആവിഷ്കരിക്കുകയും പ്രസ്തുത പദ്ധതിക്കായി 4.59 കോടി ചെലവഴിക്കുകയും ചെയ്തു. മെഡിക്കൽ/എഞ്ചിനീയറിംഗ്/സിവിൽ സർവ്വീസ്/ബാങ്കിംഗ്/യു.പി.എസ്.സി/ പി.എസ്.സി തുടങ്ങിയ മത്സര പരീക്ഷകൾക്ക് ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുന്നതിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ പരിശീലനം നേടുന്ന പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്ന പദ്ധതിയാണിത്. 2014-15 വർഷം ഈ പദ്ധതി നടത്തിപ്പിനായി 3.7 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഉദ്യോഗാർത്ഥികൾക്ക് ആധുനിക സാങ്കേതിക വൈദഗ്ധ്യം ആവശ്യമുള്ള തൊഴിൽ മേഖലകളിൽ പരിശീലനം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (ബി) | ITI, ITC പാസ്സായ ഒ.ബി.സി വിഭാഗത്തിലെ രണ്ട് ലക്ഷം രൂപയിൽ കൂടുതൽ വാർഷിക വരുമാനം ഇല്ലാത്ത രക്ഷകർത്താക്കളുടെ മക്കൾക്ക് ആട്ടോമൊബൈൽ എഞ്ചിനീയറിംഗ് മേഖലയിൽ സംസ്ഥാനത്തെ മോട്ടോർ വാഹന നിർമ്മാതാക്കളുടെ അംഗീകൃത വില്പന സേവന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട്, കരാറുണ്ടാക്കി നൂതന സാങ്കേതിക പരിശീലനം നൽകുന്നതിന് 2013-14 വർഷം പദ്ധതി ആവിഷ്കരിച്ചുവെങ്കിലും, സാങ്കേതിക കാരണങ്ങളാൽ നടപ്പാക്കാൻ കഴിഞ്ഞില്ല. |
| (സി) | ഇതിനകം എത്ര മേഖലാ പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചുവെന്നും അവിടെ നടത്തുന്ന മത്സര പരീക്ഷാ പരിശീലനങ്ങൾ ഏതൊക്കെയെന്നും ഓരോന്നിലും എത്ര കുട്ടികൾ വീതം പഠിക്കുന്നുണ്ട് എന്നും വെളിപ്പെടുത്താമോ ; | (സി) | പിന്നാക്ക സമുദായ വികസന വകുപ്പിന്റെ കീഴിൽ മേഖലാ പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടില്ല. |
| (ഡി) | കഴിഞ്ഞ ബഡ്ജറ്റിൽ നിന്നും ഈയിനത്തിൽ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ? | (ഡി) | കഴിഞ്ഞ വർഷം 4,59,34,332/- രൂപ ചിലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ